**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5732** **16-03-2023 - ൽ മറുപടിയ്ക്ക്**

**ഇ ഹെൽത്ത് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഇ ഹെൽത്ത് പദ്ധതിയ്ക്കായി എത്ര കംപ്യൂട്ടർ ടാബ്‌ലെറ്റുകളാണ് വാങ്ങിയിട്ടുള്ളതെന്നും അതിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | ഇ-ഹെൽത്ത് പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ പൊതുജനാരോഗ്യ സംബന്ധമായ വിവരങ്ങൾ ശേഖരിക്കുന്നതിനായി 9500 കമ്പ്യൂട്ടർ ടാബ്‌ലെറ്റുകൾ വാങ്ങിയിട്ടുണ്ട്. ടി ടാബ്‌ലെറ്റുകൾ വാങ്ങുന്നതിന് നാളിതുവരെ 15,79,91,158/- രൂപ ടോട്ടൽ സർവ്വീസ് പ്രൊവൈഡറായ കെൽട്രോണിന് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത കംപ്യൂട്ടർ ടാബ്‌ലെറ്റുകൾ വാങ്ങിയത് ഏത് ഫണ്ട് ഉപയോഗിച്ച് ഏത് സ്വകാര്യ കമ്പനിയിൽ നിന്നാണെന്നുള്ള വിവരം ലഭ്യമാക്കാമോ; | (ബി) | "MeiTy" ഇ-ഗവേർണൻസ് പ്രവർത്തനങ്ങൾക്കായി നൽകിയ കേന്ദ്ര ഫണ്ട് ഉപയോഗിച്ചാണ് ടാബ്‌ലെറ്റുകൾ വാങ്ങിയിട്ടുള്ളത്. ടോട്ടൽ സർവ്വീസ് പ്രൊവൈഡറായ കെൽട്രോൺ മുഖേന ടെണ്ടർ നടപടികൾക്ക് വിധേയമായാണ് Geeta Monitors Pvt Ltd-ൽ നിന്ന് ടാബ് ലെറ്റുകൾ വാങ്ങിയിട്ടുള്ളത്. |
| (സി) | ഇ ഹെൽത്ത് പദ്ധതിക്കായി വാങ്ങിയ കംപ്യൂട്ടർ ടാബ്‌ലെറ്റുകൾ ഉപയോഗിക്കാത്തതിനാൽ അവ പൂർണ്ണമായും കേടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; ഈ ഇനത്തിൽ സർക്കാരിന് എത്ര രൂപയാണ് നഷ്ടമായതെന്ന് വ്യക്തമാക്കാമോ? | (സി) | 2016-2017 കാലയളവിൽ വാങ്ങി വിവിധ ജില്ലകളിലെ ജൂനിയർ ഹെൽത്ത് ഇൻസ്‌പെക്ടർ (JHI), ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സ് (JPHN) എന്നിവർക്ക് അതാത് ജില്ലകളിലെ ജില്ലാ മെഡിക്കൽ ഓഫീസർ (DMO) മുഖാന്തിരം വിതരണം ചെയ്തിട്ടുള്ള 9387 ടാബ്‌ലെറ്റുകളുടെ നിലവിലെ സ്ഥിതി ടാബ് ഓഡിറ്റ് റിപ്പോർട്ട് പ്രകാരം വിലയിരുത്തിയതിൽ 4455 ടാബ്‌ലെറ്റുകൾ പ്രവർത്തന ക്ഷമമായിട്ടുള്ളതാണെന്നും 4404 ടാബ്‌ലെറ്റുകൾ ഹാർഡ് വെയർ തകരാറിലായതായും 23 ടാബ്‌ലെറ്റുകൾ നഷ്ടപ്പെട്ടതായും 372 ടാബ്‌ലെറ്റുകൾക്ക് ഫിസിക്കൽ കേടുപാടുകൾ സംഭവിച്ചതായും കണ്ടെത്തിയിട്ടുണ്ട്. 133 ടാബ്‌ലെറ്റുകളുടെ പ്രവർത്തന ക്ഷമത ടാബ് റിപ്പോർട്ട് പ്രകാരം വിലയിരുത്താൻ കഴിഞ്ഞിട്ടില്ല. ടി ടാബുകളുടെ നിലവിലെ സ്ഥിതി ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാരിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. 113 ടാബ്‌ലെറ്റുകൾ പബ്ലിക്ക് ഹെൽത്ത് ഹാൻഡ് |

| | | | |
|---|---|---|---|
| | | | ഹോൾഡിങ് ടെയിനിങ്, അടിയന്തര സാഹചര്യങ്ങളിൽ സ്പെയർ, മറ്റ് വിവിധതരം ആരോഗ്യ സർവേ എന്നിവയ്ക്കായി ഇ ഹെൽത്ത് പ്രൊജക്റ്റ് മാനേജ്മെന്റ് യൂണിറ്റിൽ ഉപയോഗിച്ച് വരുന്നു. ടാബ്‌ലെറ്റുകൾ നിശ്ചിത വാറണ്ടി കാലാവധി പൂർത്തിയാക്കിയതിനാലും തുടർ സർവ്വീസ്, ഹാർഡ് വെയർ പാർട്ടുകളുടെ ലഭ്യമില്ലായ്മ എന്നീ കാരണങ്ങളാലും നന്നാക്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട്. ടി ടാബ്‌ലെറ്റുകൾ ഉപയോഗിച്ച് 2.59 കോടി ജനങ്ങളുടെ പ്രാഥമിക വിവര ശേഖരണം നടത്തിയിട്ടുണ്ട്. കേടായ ടാബ്‌ലെറ്റുകളുടെ കാലാവധി 6 വർഷത്തിലധികമാകയാൽ ടാബ്‌ലെറ്റുകൾ പ്രവർത്തന ക്ഷമമാക്കുന്നത് സാധ്യമല്ലാത്തതിനാലും, പകരം പുതിയ ടാബ്‌ലെറ്റുകൾ വാങ്ങുന്നത് മൂലമുള്ള സാമ്പത്തിക ബാധ്യത കുറയ്ക്കുന്നതിനും, BYOD (Bring Your Own Device) മാതൃകയിൽ പൊതുജനാരോഗ്യ വിവര ശേഖരണം കാര്യക്ഷമമാക്കുന്നതിനായി മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കുന്നതിനായുള്ള തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ